File No.FWLD-A1/101/2018-FWLD

18800
22/10/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ശ്രീ.രാജു വർഗ്ഗീസ്, ഹെഡ് അക്കൗണ്ടന്റ് (റിട്ട.), ശ്രീമതി.റംലത്ത്.സി, ഫെയർ കോപ്പി സൂപ്രണ്ട് എന്നിവർ ഫയൽ ചെയ്ത O.A. (EKM) 1724/2018, O.A. (EKM) 1960/18 എന്നീ കേസുകളിലെ 26.10.2018-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.236/2019/വനം തിരുവനന്തപുരം, തീയതി, 26/06/2019

---

പരാമർശം:- (1) 07.02.2009-ലെ കണ്ണൂർ ഉത്തരമേഖലാ വനം കൺസർവേറ്ററുടെ ഇ2-1494/09 നമ്പർ നടപടി ഉത്തരവ്

(2) 25.02.2009-ലെ കണ്ണൂർ ഉത്തരമേഖലാ വനം കൺസർവേറ്ററുടെ ഇ2-2111/09 നമ്പർ നടപടി ഉത്തരവ്

(3) 15.07.2010-ലെ ഭരണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-7992/2010 നമ്പർ നടപടി ഉത്തരവ്

(4) 23.07.2010-ലെ ഭരണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-8234/2009 നമ്പർ നടപടി ഉത്തരവ്

(5) 31.08.2013-ലെ ഡി & പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-8234/2009 നമ്പർ നടപടി ഉത്തരവ്

(6) CC 1086/14 നമ്പർ കേസിലെ ബഹു. കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി I - ന്റെ 29.06.2017-ലെ വിധിന്യായം

(7) 03.01.2018-ലെ FWLD-A1/131/17-FWLD നമ്പർ കത്ത്

(8) ശ്രീ.രാജു വർഗ്ഗീസ്, ഹെഡ് അക്കൗണ്ടന്റ് (റിട്ട.),ശ്രീമതി.റംലത്ത്.സി, ഫെയർ കോപ്പി സൂപ്രണ്ട് എന്നിവർ ഫയൽ ചെയ്ത O.A. (EKM) 1724/2018, O.A. (EKM) 1960/18 എന്നീ കേസുകളിലെ 26.10.2018-ലെ വിധിന്യായം

**ഉത്തരവ്**

കോഴിക്കോട് ഫോറസ്റ്റ് മിനിസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ അപ്പർ ഡിവിഷൻ ക്ലാർക്ക് ശ്രീ.രാജു വർഗ്ഗീസ്, കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.റംലത്ത് എന്നിവർ ഫുള്ളർടോൺ ഇൻഡ്യ പരിവാർ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭിക്കുന്നതിനുവേണ്ടി അസിസ്റ്റന്റ് ഡയറക്ടറുടെ സീൽ ഉപയോഗിച്ച് വ്യാജ ഒപ്പ് രേഖപ്പെടുത്തി ശമ്പള സർട്ടിഫിക്കറ്റ് സ്വയം എഴുതി ഉണ്ടാക്കി നൽകി എന്ന ആരോപണവുമായി ബന്ധപ്പെട്ട് ടി ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പരാമർശം (1), (2) പ്രകാരം സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് ശ്രീ.രാജു വർഗ്ഗീസിനെ പരാമർശം(3) പ്രകാരവും ശ്രീമതി.റംലത്തിനെ പരാമർശം (4) പ്രകാരവും സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. വകുപ്പുതലത്തിൽ നടത്തിയ അന്വേഷണത്തിൽ ഇരുവരും കുറ്റക്കാരാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടിയാളുകളുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് പരാമർശം (5) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി. തുടർന്ന് സമർപ്പിച്ച അപ്പീലും നിരസിച്ചിരുന്നു.

2) വ്യാജരേഖ ചമച്ചത് സംബന്ധിച്ച് കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നിലനിന്നിരുന്ന ക്രിമിനൽകേസിൽ ടി വ്യാജരേഖകൾ ബന്ധപ്പെട്ട കക്ഷികളെക്കൊണ്ട് തിരിച്ചറിയുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതിനാൽ ഇരുവരെയും പരാമർശം ( 6 ) പ്രകാരം കുറ്റവിമുക്തരാക്കി ഉത്തരവായി.

3) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിൽ ആരംഭിച്ച അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും വേണ്ടി ടിയാളുകൾ അപേക്ഷിക്കുകയുണ്ടായി. ടി വിഷയം പരിശോധിക്കുകയും ഇത് 'honourable acquittal' ആയി കണക്കാക്കാനാവില്ലായെന്നും ക്രിമിനൽ കേസിൽ ടിയാളുകളെ വെറുതെ വിട്ടു എന്ന കാരണത്താൽ വകുപ്പുതല അച്ചടക്ക നടപടിയിൽ നിന്നും കുറ്റവിമുക്തരാക്കാൻ സാധിക്കുകയില്ലായെന്ന് ടി ഉദ്യോഗസ്ഥരെ പരാമർശം (7) പ്രകാരം അറിയിച്ചു.

4) മേൽ തീരുമാനത്തിനെതിരായി രണ്ടുപേരും കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസിലെ പരാമർശം (8) പ്രകാരമുള്ള വിധിയിൽ പരാമർ ശം (7) റദ്ദ് ചെയ്തുകൊണ്ടും പരാതിക്കാരെ നേരിൽ കേട്ട് ഇക്കാര്യം വീണ്ടും പരിഗണിക്കുന്നതിനും ഉത്തരവായി.

5) ഇതിനനുസൃതമായി പരാതിക്കാരേയും വകുപ്പുപ്രതിനിധികളെയും നേരിൽ കേൾക്കുകയുണ്ടായി.ആരോപിക്കപ്പെട്ട കുറ്റങ്ങളെല്ലാം ഹിയറിംഗ് വേളയിൽ ഇരുവരും നിഷേധിച്ചു.ഫുള്ളർടോൺ പരിവാർ ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും സ്വകാര്യ ആവശ്യത്തിനായി ഒന്നരലക്ഷം രൂപയുടെ വായ്പയ്ക്കായി സമർപ്പിച്ച അപേക്ഷയ്ക്കൊപ്പം ശമ്പളവും അലവൻസുകളും രേഖപ്പെടുത്തിയ പേസ്ലിപ്പാണ് നൽകിയതെന്നും അതിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് സീലോ ഡെസിഗ്നേഷൻ സീലോ, അദ്ദേഹത്തിന്റെ ഒപ്പോ ഉണ്ടായിരുന്നില്ല എന്നും വാദിച്ചു. ലോൺ തുകയുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി നൽകാമെന്ന ഡിക്ലറേഷനാണ് പേ സർട്ടിഫിക്കറ്റ് എന്നും ഒരു സ്വകാര്യ സ്ഥാപനത്തിന് അത്തരം ഒരു സർട്ടിഫിക്കറ്റ് നൽകാറില്ലാത്തതിനാൽ ടി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലായെന്നും, വ്യാജരേഖകൾ സമർപ്പിച്ച് കബളിപ്പിച്ചു എന്ന് ടി കമ്പനി പരാതിപ്പെട്ടില്ലായെന്നും അറിയിക്കുകയുണ്ടായി. മാത്രവുമല്ല ടിയാൻ നൽകിയ ഒറിജിനൽ രേഖകൾ നശിപ്പിച്ച് ഫോട്ടോകോപ്പിയിൽ സീൽ പതിപ്പിച്ച് വ്യാജമായി ആരോപണമുന്നയിക്കുകയായിരുന്നു എന്നും അറിയിച്ചു.വിവാദമായ ലോൺ അവർ എടുത്തിട്ടില്ല എന്നും അറിയിക്കുകയുണ്ടായി.

6) നേരിൽ കേട്ട സമയത്ത് ടി ഉദ്യോഗസ്ഥർ ഉന്നയിച്ച വാദങ്ങളും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചു. സാദ്ധ്യതകൾ മാത്രം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ അനുമാനങ്ങളെയാണ് വ്യക്തമായ തെളിവ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് ഒരു സാദ്ധ്യതയുടെ മേലുണ്ടായ അനുമാനത്തെ വ്യക്തമായ തെളിവായി രേഖപ്പെടുത്തിയിരിക്കുന്നു. ആരോപിക്കപ്പെട്ട കുറ്റത്തിന് ആധാരമായ രേഖയെ സംബന്ധിച്ച് അവ്യക്തത മാത്രമേയുള്ളൂ.വ്യാജ ഒപ്പ് തെളിയിക്കാനായിട്ടില്ല, തെളിയിക്കാനാവുകയുമില്ല.മാത്രവുമല്ല ബാക്കി ആരോപണങ്ങളൊന്നും തന്നെ ഇത്തരമൊരു സാഹചര്യത്തിൽ നിലനിൽക്കുകയുമില്ല. ചമച്ച വ്യാജരേഖ സമർപ്പിക്കുവാനോ, ലഭ്യമായ ഫോട്ടോകോപ്പിയിലുള്ള ഒപ്പ് വ്യാജമാണെന്ന് സാക്ഷികളൊക്കൊണ്ട് സ്ഥിരീകരിക്കുന്ന തരത്തിൽ ഒരു പരിശോധന നടത്തിയതായോ കോടതിയിൽ ബോധിപ്പിക്കാൻ സാധിക്കാത്തതിനാലാണ് സി.സി 1086/2014 കേസിലെ പ്രതികളെ വെറുതെ വിട്ടത്. അതായത് വ്യാജരേഖ ചമച്ചു എന്നത് തെളിയിക്കാനായിട്ടില്ല.

7) തെളിവുകളുടെ അഭാവത്തിൽ കോടതി വെറുതെ വിട്ടത് 'honourable acquittal' ആയി കണക്കാക്കാൻ നിർവ്വാഹമില്ലെന്ന് വിലയിരുത്തിയാണ് വകുപ്പുതല നടപടിയിൽ നിന്നും ഒഴിവാക്കാനാവില്ല എന്ന് സർക്കാർ തീരുമാനിച്ചത്. എന്നാൽ സംശയത്തിന്റെ ആനുകൂല്യം നൽകിയല്ല ഇവരെ കുറ്റവിമുക്തരാക്കിയതെന്നും കോടതി മുൻപാകെ കുറ്റകൃത്യം ചെയ്തതായി സമർത്ഥിക്കുന്നതിൽ പ്രോസിക്യൂഷൻ ദയനീയമായി പരാജയപ്പെട്ടു എന്നതും കണക്കിലെടുക്കുമ്പോൾ ഇത് 'honourable acquittal'

തന്നെയാണെന്നാണ് 26.10.2018-ലെ വിധിന്യായത്തിൽ ബഹു. ട്രിബ്യൂണൽ രേഖപ്പെടുത്തിയിട്ടുള്ളത്.

8) പരാമർശം (6) ലെ വിധി Honourable acquittal തന്നെയാണെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വ്യക്തമാക്കിയിട്ടുള്ളതിനാലും, തെളിവുകളുടെ അഭാവത്തിലും, കോടതിയുടെ കണ്ടെത്തലുകളെ അസാധുവാക്കാനുള്ള ഒരു ന്യായവാദവും ഇല്ലാത്തതുമായ സാഹചര്യത്തിൽ കോടതി കുറ്റവിമുക്തരാക്കിയ ശ്രീ.രാജു വർഗ്ഗീസ്, ശ്രീമതി.റംലത്ത് സി. എന്നിവർക്കെതിരെയുള്ള വകുപ്പ് തല നടപടി ഉപേക്ഷിക്കാവുന്നതാണ്.

9) ഇരുവരുടേയും സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ട്, അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ഒരു മാസത്തിനകം വിതരണം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ സ്വീകരിക്കാൻ ഇതിനാൽ നിർദ്ദേശം നല്കുന്നു.

10)ഇപ്രകാരം പരാമർശം (8)ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.രാജു വർഗ്ഗീസ്, ഹെഡ് അക്കൗണ്ടന്റ് (റിട്ട.)

ശ്രീമതി.റംലത്ത്,.സി., ഫെയർ കോപ്പി സൂപ്രണ്ട് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJU K
Date: 2019.06.26 1?:?5:33 IST
Reason: Approved

സെക്ഷൻ ഓഫീസർ